കഥ

# പൂർണതയിലേക്ക്

ജമാൽ കൊച്ചങ്ങാടി

പുറത്ത് കനത്തുവരുന്ന പ്രഭാത വെയിലിന്റെ ചൂട്. കേൾക്കാൻ ഭയപ്പെടുന്ന, അപ്രിയകരമായ എന്തോ ഒന്നിന് പ്രകൃതി കാതോർത്തുനിൽക്കുന്നതുപോലുണ്ട്. വിറങ്ങലിച്ചുനിൽക്കുന്ന മൂകത വിരിനീക്കി നോക്കിയാൽ കാണാം, മസ്ജിദുന്നബവിയുടെ നിഴലിൽ സ്വഹാബികൾ കൂട്ടംകൂടി നിൽക്കുന്നുണ്ടാവും. അവരുടെ ഉള്ളിൽ എന്തോ ഇരമ്പിമറിയുന്നുണ്ടാവണം.

മടിയിൽ തലചായ്ച്ചു കിടക്കുന്ന അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കുമ്പോൾ എന്തുകൊണ്ടോ മനസ്സ് വല്ലാതെ പിടക്കുന്നു. അവിടുന്നു അത്യധികം പരിക്ഷീണനാണ്. കഠിനമായ വേദന അമർത്തിവെക്കാൻ ശ്രമിക്കുന്നതുപോലെ

ആ ചുണ്ടുകൾ മന്ത്രിക്കുന്നുണ്ടോ? "പടച്ചവനേ, മരണത്തിന്റെ കൊടിയ വേദനകളിൽനിന്നു നീയെന്നെ മോചിപ്പിക്കണേ!"

കഴിഞ്ഞ ദിവസം അലിയുടെയും ഫദ്‌ലി'ന്റെയും ചുമലിൽ ചാഞ്ഞു പള്ളിയിൽ പോയതാണ്. ഇമാമത്ത് നിന്നില്ലെങ്കിലും അവിടുന്നിനു രോഗശാന്തി വന്നതോർത്ത് എല്ലാവരും ആശ്വസിച്ചു.

പള്ളിയിൽനിന്ന് നേരെ വന്നതും ഇങ്ങോട്ടേക്കാണ്. ഒരാഴ്ചയായി ഇവിടെത്തന്നെയാണല്ലോ. എല്ലാവർക്കും അറിയാം. തിരുമേനി ഏറ്റവും ഇഷ്ടപ്പെടുന്നത് ഇവിടെ കഴിച്ചുകൂട്ടാനാണെന്ന് എല്ലാവർക്കും അതറിയാം.

തണുത്ത വെള്ളത്തിൽ കൈമുക്കി അദ്ദേഹത്തിന്റെ മുഖം തടവിക്കൊണ്ടിരുന്നു. പനി മൂർഛിക്കുമ്പോഴെല്ലാം അങ്ങനെയാണല്ലോ. തലവേദന ശക്തമാകുമ്പോൾ ഇഗാൽ[2] കൊണ്ട് കഫിയ്യ[3] കെട്ടിമുറുക്കും.

എന്താണ് അസുഖം അവിടുത്തെ വിട്ടുമാറാത്തത്....?

''ആഇശാ! ഖൈബറി[4]ൽനിന്ന് തിന്ന ആ ഇറച്ചിയുടെ വേദന....... അത് മാറാതെ പിടികൂടിയിട്ടുണ്ട്." ചിലപ്പോൾ അദ്ദേഹം പറയും. ഖൈബറിൽവെച്ച് ആ നശിച്ച ജൂതത്തി കൊടുത്ത ആട്ടിറച്ചിയിലെ വിഷം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടാവണം. വിഷം അത്രയും ശക്തമായിരുന്നതുകൊണ്ടാണല്ലോ, അത് കഴിച്ച ഉടനെ ഒരാൾ മരിച്ചതും. അല്ലാഹു, അവന്റെ ദൂതനെ കാത്തു. പിന്നെ വിഷാണുക്കൾ ശരീരത്തിൽ അത്രവേഗം കടന്നുചെല്ലാനനുവദിക്കുന്ന ജീവിതശൈലിയായിരുന്നില്ലല്ലോ അദ്ദേഹത്തിന്റേത്. വൃത്തിയും ചിട്ടയുമുള്ള ജീവിതം. ശാരീരികേഛകളിൽ നിയന്ത്രണം നേടിയ മനസ്സ്. സദാ പ്രാർഥനാ നിർഭരമായ ആത്മാവ്.

എന്നിട്ടും, എപ്പോഴും അസ്റാഈലിന്റെ[5] കാലൊച്ചകൾക്കു കാതോർത്തു കിടക്കുന്നപോലെയാണവിടുന്ന്. രണ്ട് ദിവസം മുമ്പ് താൻ തലവേദനയായിട്ടിരിക്കയായിരുന്നു. അപ്പോഴാണദ്ദേഹം കടന്നുവന്നത്. തമാശയെന്നോണം അവിടുന്ന് പറഞ്ഞു. എന്നേക്കാൾ മുമ്പേ നീ മരിക്കുകയാണെങ്കിൽ നിന്റെ മയ്യിത്ത് മറമാടാനും നിനക്കുവേണ്ടി പ്രാർഥിക്കാനും എനിക്ക് കഴിഞ്ഞേനെ!

തനിക്ക് അപ്പോൾ അതിന്റെ ധ്വനി മനസ്സിലായില്ല. പകരം ചൊടിക്കുകയായിരുന്നു: എന്നിട്ടുവേണം മറ്റു ഭാര്യമാരോടൊപ്പം സുഖമായി കഴിയാൻ, അല്ലേ?

അങ്ങനെ പറയേണ്ടിയിരുന്നുവോ? വേദനിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല. എങ്കിലും വാക്കുകൾ തൊടുത്തുവിടുമ്പോൾ ഓർക്കില്ല, അവ തിരിച്ചുപിടിക്കാനാവാത്ത അമ്പുകളാവുമെന്ന്.

തിരുമേനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭാര്യ താൻതന്നെ. അതറിയാം. എന്നിട്ടും........ എന്നിട്ടും........ അവിടുത്തെ സ്നേഹം അൽപംപോലും മറ്റുള്ളവരിലേക്ക് ചോർന്നുപോകുന്നത് സഹിക്കാമായിരുന്നില്ല. പൂർണമായും അദ്ദേഹത്തെ സ്വന്തമാക്കാനാഗ്രഹിച്ചുപോയത്, അപ

**ഒരു ശവ്വാൽ മാസത്തിലായിരുന്നു. തനിക്ക് എട്ടോ ഒമ്പതോ വയസ്സേ ഉണ്ടാവൂ. കൂട്ടുകാരികളോടൊപ്പം ഊഞ്ഞാലാടി കളിക്കുകയായിരുന്നു. ഉമ്മ വന്ന് വിളിച്ചുകൊണ്ടുപോയി കളിപ്പിച്ച്, മുടി ചീകിക്കെട്ടി നല്ല വസ്ത്രങ്ങളണിയിക്കാൻ തുടങ്ങുമ്പോൾ അറിഞ്ഞിരുന്നില്ല ജീവിതം ഒരു പുതിയ ദിശയിലേക്ക് തിരിയാൻ തുടങ്ങുകയാണെന്ന്.**

കചമായ തന്റെ പ്രായം കൊണ്ടാവാം. പക്ഷേ, അവിടുന്ന് എല്ലാവർക്കും സ്നേഹം പകുത്തുനൽകി. എത്ര ധൂർത്തമായി ചെലവഴിച്ചാലും തീരാത്തത്ര സ്നേഹം നിറഞ്ഞ ഖജാനയായിരുന്നുവല്ലോ അവിടുത്തെ ഹൃദയം.

എത്രയോ ചെറുപ്പംതൊട്ടേ കാണുകയും അറിയുകയും ചെയ്യുന്നതാണ്. ഉപ്പ[6]യോടൊപ്പം കൂടക്കൂടെ വീട്ടിൽവരും. ശത്രുക്കൾക്കുപോലും സ്നേഹാദരങ്ങൾ തോന്നുന്ന സൗമ്യസുന്ദരമായ ആകാരം. എപ്പോഴും കൂടെ ഒന്ന് രണ്ട് സ്വഹാബികളുണ്ടായിരിക്കും. ഒരു കൊച്ചുകുട്ടിക്ക് മനസ്സിലാക്കാൻ കഴിയുന്നതിനപ്പുറമുള്ള വലിയവലിയ കാര്യങ്ങളാണവർ സംസാരിക്കുക.

ഉപ്പ എന്നും ബഹുമാനത്തോടെല്ലാതെ അദ്ദേഹത്തെക്കുറിച്ച് സംസാരിച്ചു കേട്ടിട്ടില്ല. അദ്ദേഹത്തിന്റെ വാക്കുകൾ വേദവാക്യങ്ങൾ പോലെയാണ് ഉപ്പക്ക്. ആ വലിയ മനുഷ്യനുമായി തന്റെ ജീവിതം കൂട്ടിക്കൊളുത്താൻ ഉപ്പ ആഗ്രഹിച്ചതും അതുകൊണ്ടുതന്നെയാവുമല്ലോ.

ഒരു ശവ്വാൽ മാസത്തിലായിരുന്നു. തനിക്ക് എട്ടോ ഒമ്പതോ വയസ്സേ ഉണ്ടാവൂ. കൂട്ടുകാരികളോടൊപ്പം ഊഞ്ഞാലാടി കളിക്കുകയായിരുന്നു. ഉമ്മ വന്ന് വിളിച്ചു കൊണ്ടുപോയി കളിപ്പിച്ച്, മുടി ചീകിക്കെട്ടി നല്ല വസ്ത്രങ്ങളണിയിക്കാൻ തുടങ്ങുമ്പോൾ അറിഞ്ഞിരുന്നില്ല ജീവിതം ഒരു പുതിയ ദിശയിലേക്ക് തിരിയാൻ തുടങ്ങുകയാണെന്ന്. അന്ന് അവിടുന്ന് വീട്ടിൽ വന്നപ്പോൾ, കൂട്ടുകാരികൾ കളിയാക്കിച്ചിരിച്ചപ്പോൾ ഒരു പുതിയ അറിവിന്റെ ആഹ്ലാദം മനസ്സിൽ ദഫ് മുട്ടി– താനൊരു ശ്രേഷ്ഠ ജീവിതത്തിന്റെ ഭാഗമായിത്തീരാൻ പോകുന്നു.

പിന്നെയും വർഷങ്ങളുടെ തയാറെടുപ്പു വേണ്ടിയിരുന്നു. എട്ടും പൊട്ടും തിരിയാത്ത പെൺകുട്ടി. ഒരു ദാമ്പത്യ ജീവിതത്തിന്റെ ഭാരം പേറാൻ തനിക്കപ്പോളാവില്ലെന്ന് അദ്ദേഹത്തിനും തോന്നിക്കാണണം. അതുകൊണ്ടാണല്ലോ വീടുകൂടൽ വർഷങ്ങൾ കഴിഞ്ഞാക്കിയത്. ബാല്യകൗമാരങ്ങളുടെ, നിറമുള്ള സ്വപ്നഭൂമിയിൽനിന്ന്, ദൈവപ്രേമം മതമാക്കിയ പ്രവാചകന്റെ കൂടെ ഇറങ്ങിത്തിരിക്കുമ്പോൾ പരുഷമായൊരു ജീവിതത്തിന്റെ നീണ്ട മണൽപ്പാത കാത്തിരിപ്പുണ്ടെന്ന് കൗമാരം പിന്നിട്ടിട്ടില്ലാത്ത ഒരു പെൺകുട്ടിക്ക് ഊഹിക്കാൻ പ്രയാസം. പ്രാപഞ്ചിക ജീവിതത്തിന്റെ പകിട്ടുകളിൽ ചഞ്ചലനാവാത്ത പുരുഷൻ. അദ്ദേഹത്തിന് കഴിക്കാൻ തൊലിക്കോതമ്പിന്റെ കഞ്ഞിയോ ഈന്തപ്പഴമോ മതി..... കിടന്നുറങ്ങാൻ ഈന്തപ്പനയോലച്ചീളു മതി.... വിലകുറഞ്ഞ പരുത്തി വസ്ത്രം മതി. അത് കീറിയാൽ സ്വയം തുന്നും. തിന്നാനൊന്നുമില്ലെങ്കിൽ വയറ്റിൽ കല്ലുകെട്ടിയിട്ട് നമസ്കരിക്കും. സദാ ദൈവസ്മരണയിൽ കഴിയുന്ന തിരുദൂതർക്ക് അതൊന്നും പ്രശ്നമായിരുന്നില്ല. അടുപ്പിൽ തീ പുകയാത്ത എത്രയോ ദിവസങ്ങൾ..... അപ്പോഴും അതിഥികൾ വന്നാൽ നിറയെ സൽക്കരിക്കും. ഉള്ളതെല്ലാം പാവങ്ങൾക്ക് ദാനം ചെയ്യും.

കളങ്കസ്പർശമേശാത്ത ആ ജീവിതത്തെ അടുത്തറിയുംതോറും സ്നേഹാദരങ്ങൾ കൂടിവന്നു. ഒരേസമയം ഭർത്താവും പിതാവും കൂട്ടുകാരനുമായ മനുഷ്യൻ.....

റസൂൽ ഒന്ന് ഞരങ്ങിയോ? ചുട്ടുപൊള്ളുന്ന പനിയുണ്ട്. മുലബ്ബദ[7]യിൽ തൊട്ടാലറിയാം ജ്വരത്തിന്റെ ചൂട്. വെള്ളം തൊട്ടു മുഖമുഴിയുമ്പോൾ അൽപം ആശ്വാസം പോലെ തോന്നും. കൂടക്കൂടെ ബോധം മറിഞ്ഞുപോകുന്നു. ഉണർച്ച കിട്ടുമ്പോൾ ഒരേ ഒരു മന്ത്രം മാത്രം: സുബ്ഹാനല്ലാ......

അവിടുന്ന് അനുഭവിക്കുന്ന വേദന എത്ര വലുതാണെന്ന് പടച്ചവന്നേ അറിയൂ. എന്തെല്ലാം വിഷമമുണ്ടായാലും, മറ്റാരെയും നൊമ്പരമറിയിക്കാതെ ഉള്ളിലൊതുക്കിപ്പിടിക്കാനുള്ള കരുത്ത് അദ്ദേഹത്തിനുണ്ട്.

എന്നിട്ടും അറിഞ്ഞോ അറിയാതെയോ താൻ അദ്ദേഹത്തെ വേദനിപ്പിച്ചിട്ടില്ലേ?

ഓർമയുണ്ട്: ഒരിക്കൽ കണ്ണാടിനോക്കിനിൽക്കവേ, താൻ പറഞ്ഞു–നിങ്ങളുടെ മരിച്ചുപോയ കിളവിയായ ഭാര്യയേക്കാൾ സുന്ദരിയല്ലേ, ഞാൻ?

ഖദീജയെ കുറിച്ചെന്നുമദ്ദേഹം പുകഴ്ത്തിപ്പറയുന്നതിനോടുള്ള നീരസമായിരിക്കണം അന്നേരം തന്റെ മനസ്സിൽ. അപ്പോൾ അദ്ദേഹം തിരിച്ചടിച്ചത് ഒരിക്കലും മറക്കാനാവില്ല; അല്ലാഹുവാണ, ഖദീജയുടെ സ്ഥാനം എന്റെ മനസ്സിൽ മറ്റാർക്കും ലഭിക്കില്ല.

ശരിയാണ്. അത് ബോധ്യമായത് ഹാല[8]വന്ന ദിവസമാണ്. ഖദീജ തന്റെ മുമ്പിൽ വന്നു നിൽക്കുകയാണോ എന്നവിടുന്ന് ശങ്കിച്ചു പോയി. നീണ്ട ഇരുപത്തിമൂന്നുവർഷം തന്റെ ജീവിതം പങ്കിട്ട, പ്രവാചകത്വത്തിൽ ആദ്യം വിശ്വാസമർപ്പിച്ച പുണ്യവതിയെ കുറിച്ചുള്ള ഓർമ എന്നും അവിടുത്തേക്കുണ്ടായിരുന്നു. ഖദീജ മരിച്ച് പിന്നെയും വർഷങ്ങൾ കഴിഞ്ഞാണ് സൗദയും ഹഫ്സയും സൈനബും ഉമ്മുകുൽസൂമുമെല്ലാം അവിടുത്തെ ജീവിതത്തിലേക്ക് കടന്നുവന്നത്.

മുഖമുഴിയുമ്പോൾ ഇടതൂർന്ന താടിരോമങ്ങളിൽ വിരലുകൾ തടയുന്നു. സുഗന്ധതൈലം കണ്ടിട്ട് ദിവസങ്ങളായ തലമുടിയിൽനിന്നും സൗരഭ്യം വഴിയുന്നു. അവിടവിടെ മാത്രം നരയുടെ വെള്ളിരേഖകൾ. കൂട്ടുപുരികങ്ങൾക്കു താഴെ നിമീലിതമായ കൺപോളകളിൽ ഏതോ ഒരു ദിവ്യസ്വപ്നത്തിന്റെ തുടുപ്പ്. ഓർമകളുടെ ചീളുകൾ മനസ്സിന്റെ സുതാര്യ തലങ്ങളിലൂടെ കടന്നുപോകുന്നു.

ഇഅ്തികാഫ്[9] ഇരിക്കുമ്പോൾ, പള്ളിയിൽനിന്ന് അവിടുന്ന് തലനീട്ടും ..... താൻ സുഗന്ധതൈലം പൂശിക്കൊടുക്കും. അവിടുത്തെ വിരിപ്പിൽ താനുറങ്ങിക്കിടക്കുമ്പോൾ, തന്നെ ഉണർത്തുകപോലും ചെയ്യാതെ നടുവിലേക്ക് തിരിഞ്ഞ് അദ്ദേഹം നമസ്കരിക്കും.... ഒരേ പാത്രത്തിൽനിന്ന് മാറിമാറി വെള്ളമെടുത്തു കുളിക്കും.... ഒരിക്കലും അവിടുന്നു തന്നെ വിഷമിപ്പിച്ചില്ല. നബിയെ വിഷമിപ്പിക്കുന്നുവെന്നറിഞ്ഞാൽ ഉപ്പ സഹിക്കില്ല. ഉപ്പയും ഉമറുബ്നുൽ ഖത്താബും ഉള്ളപ്പോഴാണ്, ഒരു ദിവസം ഭാര്യമാരെ ഉദ്ദേശിച്ച് അവിടുന്ന് തമാശയെന്നോണം പറഞ്ഞു: “ചെലവിനു ചോദിച്ചു ഇവരെന്നെ പൊതിയുകയാണ്.” അതുകേട്ട പാടെ ഉപ്പ തന്റെ പിരടിക്കു മേടി. “റസൂലിന് വശമില്ലാത്തത് ചോദിക്കുന്നോ?”

സ്ത്രീസഹജമായ അസൂയയും മാത്സര്യവും തങ്ങൾക്കൊക്കെ ഉണ്ടായിരിക്കാം. ഏതെങ്കിലുമൊരു ഭാര്യയുടെ കൂടെ തിരുമേനി അൽപനേരം കൂടുതൽ ചെലവഴിച്ചാൽ മറ്റുള്ളവർക്ക് അത് രസിക്കില്ല. അവർ അതിൽ എന്തെങ്കിലുമൊരു പ്രശ്നമുണ്ടാക്കാൻ നോക്കും. സൈനബിന്റെ വീട്ടിൽ പതിവിൽ കവിഞ്ഞ സമയം ചെലവഴിച്ചതിനല്ലേ അദ്ദേഹം മഗാഫിർ[10] തിന്നുവെന്ന് പ്രചരിപ്പിച്ചത്? താനൽപം തേൻ കഴിച്ചുവെന്ന് തിരുമേനി സമ്മതിച്ചു. പക്ഷേ, അത് ദുർഗന്ധമുള്ള മഗാഫിറാകുന്നതെങ്ങനെ?

ഇതെല്ലാം തിരുമേനിയെ എന്തുമാത്രം പീഡിപ്പിക്കുന്നുണ്ടെന്ന് ആരും ഓർത്തില്ല. മനംമടുത്തിട്ടാവണം ഒരു

മാസക്കാലം അവിടുന്ന് ഏകാന്തജീവിതം നയിച്ചത്..... സാധാരണ പത്തു ദിവസത്തിലേറെ നീണ്ടുപോവാത്ത ഇഅ്തികാഫ് ഇരുപത്തൊമ്പത് ദിവസങ്ങൾ നീണ്ടു... അദ്ദേഹം ഭാര്യമാരെ ഉപേക്ഷിച്ചുവെന്നു വരെ ആളുകൾ പറഞ്ഞുപരത്തി. ആ നാളുകളിൽ നോമ്പും നമസ്കാരവുമായി അവിടുന്ന് ദിനരാത്രങ്ങളെ സാർഥകമാക്കുകയായിരുന്നു. ഈന്തപ്പനയോലയിൽ, ഏകാകിയായി കിടന്നുറങ്ങുമ്പോൾ വിരക്തിയുടെ നിർവികാരത, ഭക്തിസാന്ദ്രതയിലലിഞ്ഞലിഞ്ഞില്ലാതെയാവും.... അന്ന് തങ്ങളെല്ലാം കഴിച്ചുകൂട്ടിയത് ദൈവകോപത്തിന്റെ ഏതോ അശനിപാതം ഭയന്നാണ്.

എന്നിട്ടും താൻ അവിടുത്തെ വേദനിപ്പിച്ചിട്ടില്ലേ? ഒരിക്കൽ ഇബ്റാഹീമിനെ ഓമനിച്ചുകൊണ്ട് 'മോനൊരു ചുണക്കുട്ടൻ തന്നെയാണല്ലേ' എന്ന് അവിടുന്ന് ചോദിച്ചപ്പോൾ താനെന്തേ പറഞ്ഞത്? 'ഏറെ ആട്ടിൻപാലു കുടിച്ചാൽ ഏതു കുഞ്ഞും ഇങ്ങനെ നന്നാവും' എന്നല്ലേ? അത് പറയുമ്പോൾ ഇബ്റാഹീമിനെ പ്രസവിച്ച മാരിയത്തിനോടുള്ള അസൂയയായിരിക്കണം ഉള്ളിൽ. ഖുറൈശിയല്ലാത്ത ആ സ്ത്രീ എന്തു പിഴച്ചു? ഖദീജയിൽ ജനിച്ച ഖാസിമും താഹിറും മരിച്ചുപോയി വർഷങ്ങൾ കഴിഞ്ഞ് അല്ലാഹുവിന്റെ ദൂതനു കിട്ടിയ ഒരാൺകുഞ്ഞ് – ഇബ്റാഹീമിനോടുള്ള അവിടുത്തെ വാത്സല്യം മനസ്സിലാക്കാവുന്നതേയുണ്ടായിരുന്നുള്ളൂ. ഏഴ് ആടുകളുടെ പാൽ അവനു കൊടുക്കാനാണ് അവിടുന്ന് ഏൽപിച്ചത്. എന്നിട്ടും താനുൾപ്പെടെയുള്ള ഭാര്യമാർ മാരിയത്തിനോടും കുഞ്ഞിനോടും നീരസം പ്രകടിപ്പിച്ചു.

അന്നു താനേറെനാൾ മോഹിച്ചുകിട്ടിയ അരുമപുത്രന്റെ മയ്യിത്ത് സ്വന്തം കൈകളിലെടുത്ത് ഈന്തപ്പനച്ചുവട്ടിലുണ്ടാക്കിയ ഖബ്റിൽ മറമാടുമ്പോൾ അല്ലാഹുവിന്റെ റസൂൽ എന്തുമാത്രം വേദന തിന്നിട്ടുണ്ടാവണം?

പരുഷമായൊരു വാക്കദ്ദേഹം ഉരിയാടിയില്ല. എത്ര വിഷമമുണ്ടായാലും ആത്മസംയമനം പാലിക്കാനുള്ള മനക്കരുത്തുണ്ടദ്ദേഹത്തിന്. അമർത്തപ്പെട്ട ക്ഷതവികാരങ്ങൾ, വിയർപ്പുതുള്ളികളായി മുഖത്ത് തെളിയും. അത്രതന്നെ.

മാലപോയ സംഭവം തന്നെ മതിയല്ലോ. എല്ലാമറിഞ്ഞിട്ടും അവിടുന്നു ഒരു വാക്കു ചോദിച്ചില്ല. സംശയം പ്രകടിപ്പിച്ചില്ല. ഒരു ഭർത്താവിനും സഹിക്കാനാവാത്ത അപവാദമല്ലേ തന്നെക്കുറിച്ചു മറ്റുള്ളവർ പറഞ്ഞുപരത്തിയത്? അതു അദ്ദേഹത്തിന്റെ ചെവിയിലുമെത്തി. അവിടുന്നിനു വേദനയുണ്ടാവാതിരിക്കുമോ?

വാസ്തവത്തിൽ എന്താണ് സംഭവിച്ചത്?

ബനൂ മുസ്ത്വലഖിൽ നബിയോടൊപ്പം പോകാൻ നറുക്ക് പൊങ്ങിയതു തനിക്കാണ്. അവിടുന്ന് മടങ്ങുമ്പോൾ യാത്രാസംഘം മദീനക്കടുത്ത് തമ്പടിച്ച് വിശ്രമിച്ചു. പുലർച്ചേ വീണ്ടും യാത്രയാരംഭിച്ചപ്പോൾ താൻ പ്രാഥമികാവശ്യങ്ങൾക്ക് വെളിയിൽ പോയിരിക്കയായിരുന്നു. ഇതിനിടയിൽ കഴുത്തിൽ കിടന്ന മാല കാണാതായി. ളിഫാറി[11]ലെ മണികൾ കോർത്ത മാല. അത് നഷ്ടപ്പെടാൻ മനസ്സനുവദിച്ചില്ല. മാല തെരഞ്ഞ് സമയം പോയതറിഞ്ഞില്ല.

സ്വർണപ്പൊടി കുന്നുകൂട്ടിയതുപോലുള്ള മണൽക്കൂനകൾ. സർപ്പങ്ങളെന്നോണം കെട്ടുപിണഞ്ഞു മരുഭൂമിയോട് പറ്റിപ്പിടിച്ചു കിടക്കുന്ന ഹംദിൻ[12] പടർപ്പുകൾ.... മാല തെരഞ്ഞുനടന്നു സമയം പോയതറിഞ്ഞില്ല.

തിരിച്ചുവന്നപ്പോൾ പല്ലക്കുമില്ല, ഒട്ടകവുമില്ല. യാത്രാസംഘം കണ്ണെത്താത്ത അകലത്തായിക്കഴിഞ്ഞു. പല്ലക്കിൽ താനുണ്ടെന്നു കരുതി സ്വഹാബികൾ അത് ഒട്ടകപ്പുറത്തേറ്റിയിട്ടുണ്ടാവും, കൃശഗാത്രിയായ താൻ ഉണ്ടായാലും ഇല്ലെങ്കിലും പല്ലക്കിനു കനം തോന്നില്ലല്ലോ.

അനന്തമായി പരന്നുകിടക്കുന്ന മണൽക്കാട്. കാടല്ല; കടലാണ്. ചരലും മണലും പിംഗളതരംഗങ്ങളായിത്തീരുന്ന ആദിയുമന്ത്യവുമില്ലാത്ത കടൽ. ഇവിടെ ദിക്കറിയാതെ ഒറ്റപ്പെട്ട കപ്പൽപോലെയായിരിക്കുന്നു താൻ. കൊച്ചുകൊച്ചു മഞ്ഞപ്പൂക്കൾ നിറുകയിൽ ചൂടിയ മണൽക്കുന്നുകൾ. അകലെ നീരുറവ പോലെ തോന്നുന്നത് മൃഗതൃഷ്ണയാവാം. ഇവിടെ വഴിയടാളങ്ങളില്ല; പിന്തുടർന്നു പോവാൻ പാദമുദ്രകളില്ല. സദാ വീശിക്കൊണ്ടിരിക്കുന്ന മണൽക്കാറ്റ്, എല്ലാ കാലടിപ്പാടുകളും മായ്ച്ചുകളയുന്നു– കാലത്തെപോലെ. മുകളിൽ ചൂടു പിടിച്ചു വരുന്ന അന്തമില്ലാത്ത ലോഹത്തകിട്. കുറച്ചുകൂടി കഴിയുമ്പോഴേക്ക് മണൽ ചുട്ടുപഴുക്കും. അതെല്ലാം അവഗണിച്ച് നടന്നാൽ തന്നെ വഴി തെറ്റുകയില്ലെന്നതിനെന്താണുറപ്പ്?

തന്നെ കാണാതെ വരുമ്പോൾ യാത്രാസംഘം മടങ്ങിവരാതിരിക്കില്ല. അതുവരെ കാത്തിരിക്കുക തന്നെയെന്നോർത്തു. തമ്പടിച്ച സ്ഥലത്ത് സഹാബികൾ ഉപയോഗിച്ചുകളഞ്ഞ പഴത്തോടുകൾ ... അകലെ, ചെമ്മരിയാടുകളെ മേയ്ക്കാനിറങ്ങിയ ഏതോ ബദവി[13] ഉച്ചസ്ഥായിയിൽ പാടുന്ന, പരുക്കൻ ശീലിലുള്ള നാടോടിപ്പാട്ട് .... അടുത്തോ അകലെയോ എന്നറിയാതെ ഏതോ കിണറ്റിലെ കപ്പി കരയുന്ന ശബ്ദം ..... ഇതെല്ലാമാണ്, ആ വിജയനതയിലും ജീവിതത്തിന്റെ ചീളുകളെന്നോണം മണലാരണ്യത്തിൽ അവശേഷിച്ചത്. ഈ നിർജ്ജനതയിൽ, ഏകാകിയായിരിക്കുമ്പോൾ ഏതൊരുത്തനും തന്റെ ഉൺമയെ തിരിച്ചറിയുന്നു. ഒടുവിൽ ഞാൻ ഒറ്റക്കുതന്നെയാണെന്ന സത്യം ഓർത്തുപോവുന്നു. കാലമെന്ന അനാദ്യന്തമായ പ്രതിഭാസത്തിലെ ഒരു പൊട്ടായി തെളിഞ്ഞുമായുന്ന നിസ്സാരവും ക്ഷണികവുമായ ഒരു ഉൺമയെ കുറിച്ചുള്ള ബോധം തന്നെയും തളർത്തിയിട്ടുണ്ടാവണം. ആ തളർച്ച പഞ്ചേന്ദ്രിയങ്ങളെയും മയക്കിയിട്ടുണ്ടാവണം.

ശരീരമാസകലം പുതച്ചു മൂടിയിരുന്നപ്പോൾ ഉറങ്ങിപ്പോയതറിഞ്ഞില്ല. ഉണർന്നപ്പോൾ മുമ്പിൽ സഫ്വാൻ: "ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ."[14]

പർദ വരുംമുമ്പ് സഫ്വാൻ തന്നെ കണ്ടിട്ടുണ്ട്. അതുകൊണ്ടാണ് തിരിച്ചറിഞ്ഞത്. തിരുമേനിയുടെ വിശ്വസ്തനായ അനുയായി. ഒട്ടകത്തെ മുമ്പിലേക്ക് നീക്കിനിർത്തി 'കയറിക്കോളൂ' എന്നദ്ദേഹം പറഞ്ഞപ്പോൾ മറുത്തു പറയാൻ തോന്നിയില്ല.

യാത്രാ സംഘത്തോടൊപ്പമെത്താനാവും എന്ന പ്രതീക്ഷയോടെ സഫ്വാൻ അതിവേഗം ഒട്ടകത്തെ തെളിച്ചു. ഒട്ടകത്തിന്റെ ഉപ്പൂറ്റിക്കടിയിൽ മണൽത്തരികൾ ഞെരിഞ്ഞമരുന്ന ശബ്ദവും കാറ്റിൽ ഉലയുന്ന മേലുടുപ്പുകളുടെ മർമരവും മാത്രമേ മൂകത ഭേദിക്കാനുണ്ടായിരുന്നുള്ളൂ. മണൽക്കുന്നുകൾ, താഴ്വാരങ്ങൾ, പിന്നെയും മണൽക്കൂനകൾ... വരണ്ട തരിശുനിലങ്ങളിലൂടെയുള്ള ആ യാത്രക്കിടയിൽ വല്ലപ്പോഴും ഉണക്കപ്പുല്ലുകളോ, കാരക്കാത്തോട്ടമോ, കൊച്ചുവീടുകളോ കണ്ടാലായി.....

മദീനയിൽ കടക്കുമ്പോൾ ഉച്ചയായി. ആളുകൾക്കിടയിലൂടെ ഒട്ടകപ്പുറത്ത് വീട്ടിലേക്ക് തിരിച്ചു.

ഇതിൽ എന്തെങ്കിലും പന്തികേടുണ്ടെന്ന് തോന്നിയിരുന്നില്ല. അത്തര

മൊരു സാഹചര്യത്തിൽ ഒരു സ്ത്രീ മറ്റെന്തു ചെയ്യാനാണ്?

എന്നാൽ നബിയുടെ പെരുമാറ്റത്തിൽ പ്രകടമായി കണ്ട നിസ്സംഗതയാണ് തന്നെ അത്ഭുതപ്പെടുത്തിയത്. താൻ അസുഖമായി കിടക്കുകയായിരുന്നിട്ടുപോലും, ഒരുപചാരമെന്നോണം 'എങ്ങനെയുണ്ട്' എന്ന് ചോദിച്ച് കടന്നു പോയതല്ലാതെ അവിടുന്ന് ഒരു സാന്ത്വന വാക്കോതുകപോലും ചെയ്തില്ല. 'അസുഖം മാറുന്നതുവരെ തന്റെ വീട്ടിലേക്ക് പൊയ്ക്കോട്ടെ' എന്ന് ചോദിച്ചപ്പോൾ വേഗം അനുവദിക്കുകയും ചെയ്തു.

എന്തുകൊണ്ടാണ് അവിടുന്ന് തന്നോടിങ്ങനെ അന്യതാബോധത്തോടെ പെരുമാറുന്നത് എന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല.... പത്തിരുപത് ദിവസങ്ങൾക്കുശേഷം ഒരു മുഹാജിർ സ്ത്രീ പറഞ്ഞപ്പോഴല്ലാതെ. നാട്ടിൽ പ്രചരിച്ചിരിക്കുന്ന കഥ കേൾക്കെ, താൻ തളർന്നുപോയി. യാ റബ്ബീ! മനസ്സിലൂടെ ഒരിക്കൽ പോലും കടന്നുപോയിട്ടില്ലാത്ത അസത്യം! ഇന്നോളം അവിടുത്തെ കുറിച്ചല്ലാതെ മറ്റൊരു പുരുഷനെക്കുറിച്ചും ചിന്തിച്ചിട്ടില്ല, ചിന്തിക്കാൻ കഴിയില്ല. അവിടുന്ന് ഒരു കുറവും വരുത്തിയില്ല. മറിച്ചു ഏറ്റവുമധികം സ്നേഹം തന്നതും തനിക്കാണ്. തന്റെ കുസൃതികളും കുന്നായ്മകളുമൊക്കെ ഒരു പിതാവിനെപ്പോലെ ഇന്നോളം അദ്ദേഹം പൊറുത്തുതന്നിട്ടുണ്ട്. തന്റെ സ്ത്രീത്വം ആദ്യമായി സാഫല്യമടഞ്ഞത് അവിടുന്നിലൂടെയാണ്. തന്റെ മനസ്സും ശരീരവും ഇഛകളുമെല്ലാം അദ്ദേഹത്തിനുള്ളതാണ്.... എന്നിട്ട്, അവിടുത്തെ വഞ്ചിച്ച് ഒരു ചെറുപ്പക്കാരന്റെ കൂടെ... ഈ കെട്ടുകഥ പരത്തിയവർ ആരായാലും അവരുടെ മേൽ അല്ലാഹുവിന്റെ ശാപം പതിയട്ടെ!

പക്ഷേ, ഇങ്ങനെയൊരു കഥ നാട്ടിൽ പരന്നിട്ടുണ്ടെന്നറിഞ്ഞിട്ടും തന്റെ പ്രിയപ്പെട്ട ഉമ്മ ഉൾപ്പെടെയുള്ളവർ തന്നെ മറച്ചുവെച്ചതെന്തേ? ഒന്നും ചോദിക്കാതിരുന്നതെന്തേ?

“സാരമില്ല മോളേ, ഒന്നിലേറെ ഭാര്യമാരുള്ള പുരുഷന്റെ സുന്ദരിയായ ഭാര്യയെക്കുറിച്ച് മറ്റുള്ളവർ അപവാദം പരത്തും. സ്വാഭാവികമാണത്.” ഉമ്മയുടെ ആശ്വാസവാക്കുകളും വെറുതെയായി. തന്റെ നിരപരാധിത്വം എങ്ങനെയാണ് അദ്ദേഹത്തെ ബോധ്യപ്പെടുത്തുക? ഒരിക്കൽ പോലും അദ്ദേഹം അതേക്കുറിച്ച് ഒരു വാക്ക് ചോദിച്ചിട്ടില്ല. പിന്നെ എങ്ങനെയാണ് പറയുക? ചോദിക്കാതെ കയറി പ്പറഞ്ഞാൽ കൂടുതൽ സംശയമാവുകയേയുള്ളൂ. ബരീറ[15]യെ തിരുമേനിയും അലിയും ഉസാമയും കൂടി വിസ്തരിച്ചതായി പിന്നീടറിഞ്ഞു. അവൾക്കെന്താണ് തന്നെക്കുറിച്ച് മോശമായി പറയാൻ കഴിയുക? മാവു കുഴച്ചുവെച്ച് ഉറക്കം തൂങ്ങും; അത് ആടുവന്നുതിന്നാലറിയില്ല... ഇങ്ങനെയുള്ള കൊച്ചുകൊച്ചു തെറ്റുകളല്ലാതെ അവൾക്കും ഒന്നും പറയാനുണ്ടാവില്ല.

മൗനത്തിന്റെ കനത്ത ചുമരുകൾക്കിരുവശത്തുമായി തങ്ങൾ കഴിഞ്ഞ ആ ദിവസങ്ങളിൽ അവിടുന്നും കടുത്ത മാനസിക സംഘർഷം അനുഭവിച്ചിരിക്കണം. ഇരുപതു തികയാത്ത സുന്ദരിയായ തന്റെ ഭാര്യ, വിശ്വസ്തനും നല്ലവനുമായ അനുയായി.... അവരെ കുറിച്ചാണ് ആളുകൾ അപവാദം പറയുന്നത്. മനുഷ്യർക്ക് മുഴുവൻ മാതൃകയാവേണ്ട ഒരു ചിത്രത്തിലേക്ക് കറുത്ത മഷി കുടയാൻ അവരെക്കുറിച്ച് ഒരു കെട്ടുകഥ നെയ്തെടുത്താൽ മതി. ലോകം പരിഹാസച്ചിരി ചിരിക്കാൻ മറ്റൊന്നും വേണ്ട. ഏതോ ഒരു അബ്ദുല്ലയുടെ മകനായ, ഏതോ ഒരു മുഹമ്മദല്ല.... അല്ലാഹുവിന്റെ ദൂതരാണ്. ഒരു കാക്കപ്പുള്ളി പോലും വീഴാൻ പാടില്ല, ആ ചിത്രത്തിൽ.

അപവാദത്തിന്റെ ഉണക്കമരങ്ങൾക്കു ഒരിക്കൽ തീ പിടിച്ചാൽ അത് പടർന്ന് കത്തിക്കോളും, എണ്ണ ഒഴിച്ചുകൊടുക്കാനാരെങ്കിലുമുണ്ടെങ്കിൽ പ്രത്യേകിച്ച്. ശത്രുക്കളും കപടവിശ്വാസികളും കൈചൂണ്ടി ചോദിക്കും: “ഇതാണോ പ്രവാചകന്റെ മാതൃക? ഇങ്ങനെയാണോ ദൈവദൂതന്റെ കുടുംബജീവിതം?”

ഇന്നോളം തല നിവർത്തിപ്പിടിക്കാൻ കഴിയാത്ത ഒരവിശുദ്ധ സംഭവവും അവിടുത്തെ വ്യക്തിജീവിതത്തിലുണ്ടായിട്ടില്ല. ആകാശം പോലെ തുറന്ന ജീവിതം. അത് ജീവനുള്ള വേദഗ്രന്ഥമാണ്. വരാനിരിക്കുന്ന തലമുറകളുടെ ദാഹം മുഴുവൻ ശമിപ്പിക്കുന്ന സംസമാണ്.

പക്ഷേ, ആ കെട്ടുകഥയെക്കുറിച്ച് ചോദിച്ച് തന്നെ നൊമ്പരപ്പെടുത്താൻ അവിടുന്നാഗ്രഹിച്ചിട്ടുണ്ടാവില്ല. അത്ര മാത്രം അദ്ദേഹം തന്നെ സ്നേഹിക്കുന്നു. വിശ്വസിക്കുന്നു. ഒടുവിൽ അവിടുത്തെ നാവുകൊണ്ടു തന്നെ അത് കേൾക്കാനിടായി. മുറിയിൽ ഉപ്പയും ഒരു മുഹാജിർ[16] സ്ത്രീയും മാത്രമേയുണ്ടായിരുന്നുള്ളൂ.

അദ്ദേഹം തന്റെ മുമ്പിൽ വന്നു നിന്നു പറയുന്നു: “ആഇശാ! അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളുക. ജനങ്ങൾ പറയുന്നതുപോലുള്ള ചീത്തകൃത്യം വല്ലതും നീ ചെയ്തുപോയിട്ടുണ്ടെങ്കിൽ അല്ലാഹുവിനോട് പൊറുക്കലിനെ തേടുക. തീർച്ചയായും അല്ലാഹു അവന്റെ അടിമകളുടെ പശ്ചാത്താപം സ്വീകരിക്കുന്നവനാണ്.” താനേറ്റവുമധികം സ്നേഹിക്കുന്ന, തന്നെ ഏറ്റവുമധികം സ്നേഹിക്കുന്ന പുരുഷൻ സംശയിക്കുക! ഏത് സ്ത്രീക്കാണ് അത് സഹിക്കാനാവുക?

പിന്നെ, അതുവരെ തടുത്തുനിറുത്തിയ വ്രണിത വികാരങ്ങൾ, കോപതാപങ്ങൾ അണപൊട്ടുകയായിരുന്നു. ഉമ്മയേയും ഉപ്പയേയും നോക്കി. അവരൊന്നും മിണ്ടുന്നില്ല.

“എന്താണ് നിങ്ങളൊന്നും മിണ്ടാത്തത്?”

“എന്താ പറയേണ്ടതെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ.” അവർ നിസ്സഹായത പ്രകടിപ്പിച്ചു. എല്ലാവരും തന്നെ സംശയിക്കയാണോ? അല്ലാഹുവിനറിയാമല്ലോ താൻ നിരപരാധിയാണെന്ന്. അവൻ ഹൃദയത്തിലേക്ക് നോക്കുന്നവനാണ്. തന്റെ ഹൃദയത്തിന്റെ ഉള്ളറകൾ, അവൻ അദ്ദേഹത്തിന് കാണിച്ചുകൊടുക്കാത്തതെന്ത്?

പൊട്ടിക്കരഞ്ഞുപോയി. കുറെ കരഞ്ഞുകഴിഞ്ഞപ്പോൾ പറഞ്ഞേ തീരൂ എന്നായി. തൊണ്ട ഇടറുന്നുണ്ടായിരുന്നു. “അല്ലാഹുവാണ, അങ്ങ് പറഞ്ഞകാര്യത്തെച്ചൊല്ലി ഞാൻ പശ്ചാത്തപിക്കില്ല. സംഭവിക്കാത്തതെന്തിനു ഏറ്റുപറയണം? അത് അപവാദം സമ്മതിക്കലല്ലേ... പക്ഷേ, എത്ര നിഷേധിച്ചാലും ഒന്നുണ്ട്. അങ്ങേക്ക് എന്നെ അവിശ്വസിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല.” പിന്നെ നീണ്ടു നിന്ന മൂകതയായിരുന്നു. മൗനം ദുസ്സഹമായ ഒരു വാതകം പോലെ മുറിയിൽ തങ്ങിനിന്നു. അത് സഹിക്കാനാവാഞ്ഞിട്ടാവണം അദ്ദേഹം എഴുന്നേറ്റുപോയി. വസ്ത്രം പോലും മാറ്റാതെ നീണ്ടുനിവർന്നു കിടന്നു. രോമം കൊണ്ടുണ്ടാക്കിയ ഒരു തലയിണ ആരോ തലക്കീഴിൽ കൊണ്ടുവെച്ചതുപോലും അദ്ദേഹം അറിഞ്ഞിരിക്കില്ല.

എല്ലാവരുടെയും ഉൾത്തലങ്ങളിലൂടെ എന്തെല്ലാമോ വികാരങ്ങൾ കടന്നുപോകുന്നു. സ്മൃതിയുടെ എല്ലാ ചാലുകളിലൂടെയും ഭൂതകാലത്തിന്റെ പ്രവാഹം.

കാണക്കാണെ അവിടുത്തെ മുഖത്ത് അലൗകികമായ ഭാവഭേദങ്ങൾ പ്രകടമായി. പാതിയടഞ്ഞ കണ്ണുകളിൽ

ദൈവസാമീപ്യത്തിന്റെ നിർവൃതി. ജിബ്‌രീലിന്റെ ദർശനത്തിൽ സായൂജ്യമടയുന്നതുപോലെ....

വെളിപാടു വരുമ്പോൾ അങ്ങനെയാണല്ലോ. ഉപ്പയും ഉമ്മയും എന്തോ ഭയപ്പെട്ടതുപോലെ നിൽക്കുന്നു. തന്റെ പാതിവ്രത്യത്തിനെതിരെ വല്ല വെളിപാടും ഉണ്ടായാലോ എന്നതാവാം അവരുടെ ഭയം. പക്ഷേ, തനിക്കൊന്നും തോന്നിയില്ല. തെറ്റു ചെയ്യാത്തവൾ പേടിക്കുന്നതെന്തിന്? പശ്ചാത്തപിക്കുന്നതെന്തിന്?

ഒടുവിൽ വെളിപാടിന്റെ അവസാനം, നെറ്റിത്തടത്തിലൂടെ ഒലിച്ചിറങ്ങിയ വിയർപ്പു ചാലുകൾ വടിച്ചെറിഞ്ഞ് അവിടുന്ന് വിളിച്ചു പറഞ്ഞു: "ആഇശാ! സന്തോഷമായിരിക്കൂ. അല്ലാഹു നിന്റെ നിരപരാധിത്വം തെളിയിച്ചിരിക്കുന്നു."

പിന്നെ അവിടുന്ന് ആ ആയത്ത്[17] ചൊല്ലിക്കേൾപ്പിച്ചു.

"അൽഹംദുലില്ലാഹ്!" താൻ അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദി പറഞ്ഞു.

തന്റെ കാര്യത്തിൽ അല്ലാഹുവിൽനിന്നു ഒരു വഹ്‌യ് ഉണ്ടാകാൻ താനാര്? ഒരിക്കലും ഓർത്തതല്ല. സ്വപ്നത്തിലൂടെയോ മറ്റോ തന്റെ നിരപരാധിത്വം അദ്ദേഹത്തെ അല്ലാഹു ബോധ്യപ്പെടുത്തിയേക്കാം എന്ന് തോന്നിയിരുന്നു... എന്നാലിതാ, തന്റെ അകളങ്കത ഒരു ദിവ്യസൂക്തത്തിലൂടെ അംഗീകരിക്കപ്പെടുന്നു... ഭൂമിയിൽ തന്നേക്കാൾ ഭാഗ്യം ലഭിച്ച ഏത് സ്ത്രീയുണ്ട്? വെളിപാടുണ്ടായിരുന്നില്ലെങ്കിൽ റസൂലിന്റെ മനസ്സിൽ പോലും സംശയം വടുക്കെട്ടി നിൽക്കുമായിരുന്നില്ലേ?

വീണ്ടും ഞരക്കം. ബോധാബോധങ്ങളുടെ ഇരുണ്ട ഇടനാഴികയിലൂടെ കടന്നുപോകുംപോലെ. ഉറങ്ങുകയല്ല; ഉണർന്നു കിടക്കുകയുമല്ല. ഉള്ളോർമയുണ്ടാവണം. ചുണ്ടുകളിൽ ദൈവസ്തോത്രം മാത്രം.

കഠിനമായ വേദനയനുഭവിക്കുന്നുണ്ടെന്ന് മുഖത്തുനിന്ന് വായിക്കാം. അദ്ദേഹം ഇത്ര ദുസ്സഹമായ വേദനയനുഭവിക്കുന്നത് മുമ്പൊരിക്കലും കണ്ടിട്ടില്ല. അവിടുന്ന് പഠിപ്പിച്ച സൂക്തങ്ങളും പ്രാർഥനകളും ഉരുവിട്ടുകൊണ്ടിരുന്നു. അതല്ലാതെന്ത് ചെയ്യാൻ? മരുന്ന് കൊടുത്തിട്ട് തുപ്പിക്കളയുന്നു.

എല്ലാം തീരുമാനിച്ചു കഴിഞ്ഞ മട്ടാണദ്ദേഹം. നാഴികകൾക്ക് മുമ്പാണ് ഫാത്വിമയോട് പറഞ്ഞത്: ഇന്നത്തേതു കൂടി കഴിഞ്ഞാൽ നിന്റെ ഉപ്പക്ക് ഒരു ദുഃഖവുമില്ല മോളേ... പേരക്കിടാങ്ങളെ ചേർത്തുനിർത്തി വാത്സല്യപൂർവം അവർക്ക് മുത്തം നൽകി.

ദൗത്യം പൂർത്തിയാക്കി, മടക്കയാത്രക്കൊരുമ്പെടുന്നതുപോലെ എല്ലാം ചെയ്തു തീർക്കുകയാണ്. എല്ലാം അവിടുത്തെ മുൻകൂട്ടി അറിയിക്കുന്നവൻ എന്തെങ്കിലും സൂചന നൽകിയിട്ടുണ്ടോ? ഇവിടെ എവിടെയോ വന്നുനിൽക്കുന്ന അസ്‌റാഈലിനെ, ജിബ്‌രീലിനെ കാണുന്ന ആ കണ്ണുകൊണ്ടെങ്ങാനും കണ്ടിട്ടുണ്ടാവുമോ? ഇലാഹീ, നിന്റെ റസൂലിനെ കാക്കണേ!

ഒരാഴ്ചയായില്ലേ ഇതേ കിടപ്പ് കിടക്കുന്നു! ഇന്നു പുലർച്ചെ നബി എഴുന്നേറ്റു. ജാലകവിരി നീക്കി മസ്ജിദുന്നബവിയിലേക്ക് നോക്കി. സുബ്ഹി നമസ്കാരത്തിന്റെ വരികളിലാണ് സ്വഹാബികൾ. ഉപ്പയാണ് ഇമാം.[18] അവിടുത്തെ കണ്ടപ്പോൾ ഉപ്പ പിന്നിലേക്ക് മാറി. നബി പള്ളിയിലേക്ക് ഉടനെ ചെല്ലുമെന്നും നമസ്കാരത്തിനു നേതൃത്വം നൽകുമെന്നും അവരെല്ലാം ആഗ്രഹിച്ചിട്ടുണ്ടായിരിക്കണം. പക്ഷേ, നമസ്കാരം പൂർത്തിയാക്കാൻ കൈകൊണ്ട് സൂചന നൽകുകയായിരുന്നു അവിടുന്ന്.

താൻ പഠിപ്പിച്ച രീതിയിൽ തന്റെ പ്രിയപ്പെട്ട അനുയായികൾ അല്ലാഹുവിന്റെ മുമ്പിൽ നമസ്കരിക്കുന്നതുകണ്ട് ചാരിതാർഥ്യത്തോടെ അദ്ദേഹം പുഞ്ചിരിച്ചു. അവിടുത്തെ കണ്ണുകൾക്ക് അതിനേക്കാൾ മനോഹരമായ കാഴ്ചയില്ല.

നോക്കിനോക്കിയിരിക്കെ, അദ്ദേഹത്തിന്റെ മുഖത്ത് അഭൗമമായ ഒരു ശാന്തി പതുക്കെ വിടർന്നുവരുന്നത് കണ്ടു. ചുണ്ടുകളിൽ അവാച്യമായ ഒരു മധുരസ്മിതം. തനിക്കുവേണ്ടി. തുറന്നിട്ടിരിക്കുന്ന ഫിർദൗസിന്റെ[19] കവാടങ്ങൾ അവിടുന്നു കാണുന്നുണ്ടാവണം.

നബി പറയാറുള്ളതോർത്തു. എല്ലാ പ്രവാചകന്മാർക്കും അന്തിമനിമിഷങ്ങളിൽ രണ്ടു ചിത്രങ്ങൾ കൺമുമ്പിൽ തെളിയും-നശ്വരമായ ഈ ലോകത്തിന്റെയും ദൈവസാമീപ്യം നിറഞ്ഞ മറുലോകത്തിന്റെയും. പ്രവാചകന്മാർ ശാശ്വതമായ സ്വർഗം തെരഞ്ഞെടുക്കും.

പെട്ടെന്ന് റസൂലിന്റെ ശരീരം തണുക്കുന്നതായി തോന്നി. കണ്ണുകൾ മേലോട്ടുഴറുന്നു. ചുണ്ടുകൾ മന്ത്രിക്കുന്നു: 'സ്വർഗത്തിൽ അത്യുന്നതങ്ങളിലെ മിത്രത്തോടൊപ്പം!'

പിന്നെ തലയൽപം ചരിഞ്ഞു.

എല്ലാം അവസാനിക്കുകയായിരുന്നു. ഒന്നും ചെയ്യാനാവാതെ തരിച്ചിരുന്നു. തനിക്കേറ്റവും പ്രിയങ്കരമായ ദൈവസാമീപ്യം അവിടുന്ന് പുൽകിക്കഴിഞ്ഞിരിക്കുന്നു. പൂർണതയുടെ കൂടുതൽ സാർഥകമായ ഒരു ലോകത്തിലേക്കുള്ള യാത്ര.

എന്തുചെയ്യണമെന്നറിയാതെ ഒരുനിമിഷം ഇരുന്നുപോയി. നിശ്ചേതനമായ അവിടുത്തെ ശിരസ്സ് തന്റെ മടിയിൽ. അത് ഒരു തലയിണക്ക് മുകളിലേക്ക് മാറ്റാൻനേരം കൈകൾ വിറച്ചു, സ്വരം ഇടറി: "അല്ലാഹുവിന്റെ ദൂതരേ, തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവൻ അങ്ങേക്ക് തന്നു. അങ്ങ് ശരിയായ മാർഗം തെരഞ്ഞെടുക്കുകയും ചെയ്തു."

*1. ഫദ്ൽ ഇബ്നു അബ്ബാസ്*
*2. ശിരോവസ്ത്രത്തിന്റെ ചരട്*
*3. ശിരോവസ്ത്രം*
*4. ഇവിടെ വെച്ച് പ്രവാചകന് ഒരു യഹൂദ സ്ത്രീ നൽകിയ വിഷം കലർന്ന മാംസം അദ്ദേഹത്തിന്റെ ആരോഗ്യത്തെ സാരമായി ബാധിക്കുകയുണ്ടായി.*
*5. മൃത്യുമാലാഖ*
*6. അബൂബക്ർ സിദ്ദീഖ് (റ)*
*7. പുതപ്പ്*
*8. ഖദീജയുടെ അനുജത്തി*
*9. പള്ളയിൽ ഭജനയിരിക്കൽ*
*10. ഒരുതരം മരച്ചാർ*
*11. ആഭരണങ്ങൾക്ക് അന്ന് പേരുകേട്ട യമനിലെ ഒരു സ്ഥലം*
*12. വള്ളിച്ചെടികൾ*
*13. നാടൻ അറബി*
*14. "നാം അല്ലാഹുവിനുള്ളവർ; അല്ലാഹുവിലേക്ക് മടങ്ങുന്നവരും" - അപകടം സംഭവിക്കുമ്പോൾ മുസ്‌ലിംകൾ പറയുന്നത്.*
*15. പരിചാരികയുടെ പേര്*
*16. മദീനാ പലായനം നടത്തിയവർക്കു പറയുന്ന പേര്*
*17. "കള്ളവാർത്ത കെട്ടിച്ചമച്ചു കൊണ്ടുവരുന്നവർ നിങ്ങളിൽത്തന്നെയുള്ള കൂട്ടരാണ്" - ഖുർആൻ സൂക്തം*
*18. നമസ്കാരത്തിന് നേതൃത്വം നൽകുന്ന യാൾ*
*19. സ്വർഗം*